©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2026 മാർച്ച് 11<br>11th March 2026<br>1201 കുംഭം 27<br>27th Kumbham 1201<br>1947 ഫാൽഗുനം 20<br>20th Phalguna 1947 | നമ്പർ<br>No. | 1119 |


കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അച്ചടി) നമ്പർ 23/2026/തസ്വഭവ.**

**എസ്. ആർ. ഒ. നമ്പർ 364/2026**

*തിരുവനന്തപുരം, തീയതി 2026, മാർച്ച് 11*
*1201, കുംഭം 27*
*1947, ഫാൽഗുനം 20.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 447, 447 എ, 448, 449, 450, 451, 492 എന്നീ വകുപ്പുകളും 565-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2011 ജനുവരി 25-ാം തീയതിയിലെ സ. ഉ. (അച്ചടി) നം. 24/2011/തസ്വഭവ. എന്ന വിജ്ഞാപന പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുറപ്പെടുവിച്ചതും 2011 ഫെബ്രുവരി 1–ാം തീയതിയിലെ 227–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 84/2011–ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2011–ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ, ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.–(1) ഈ ചട്ടങ്ങൾക്ക് 2026–ലെ കേരള മുനിസിപ്പാലിറ്റി (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നു പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. എന്നാൽ 2011–ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് നേടിയിട്ടുള്ള സംരംഭങ്ങളെ സംബന്ധിച്ച് നിലവിലുള്ള ലൈസൻസിന്റെ കാലാവധി അവസാനിച്ച ശേഷം പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.–(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,–

(എ) 'ആക്റ്റ്' എന്നാൽ 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994–ലെ 20) എന്നർത്ഥമാകുന്നു;

(ബി) 'മൂലധനനിക്ഷേപം' എന്നാൽ സംരംഭത്തിനായി കെട്ടിടം നിർമ്മിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും, ഈ ആവശ്യത്തിലേക്കായി ഉപയോഗിക്കപ്പെടുന്നത് ഭൂമി ആണെങ്കിൽ ആയതിന്റെയും, കെട്ടിടമോ ഭൂമിയോ സംരംഭകന്റെ ഉടമസ്ഥതയിലല്ല എങ്കിൽ കൈവശാവകാശം കരസ്ഥമാക്കുന്നതിന് മുടക്കിയിട്ടുള്ള മൂല്യം ഉൾപ്പടെ ഒരു സംരംഭത്തിനായി മുതൽ മുടക്കിയിട്ടുള്ള ആകെ തുക എന്നർത്ഥമാകുന്നു;

(സി) 'കാറ്റഗറി ഒന്ന് സംരംഭങ്ങൾ' എന്നാൽ ആവിശക്തിയോ ജലശക്തിയോ മറ്റ് യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിച്ചോ അല്ലാതെയോ അസംസ്കൃത വസ്തുവിനെ ഉൽപ്പന്നമാക്കി മാറ്റുന്ന ഉല്പാദനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്ടറി അല്ലെങ്കിൽ വ്യവസായം അല്ലെങ്കിൽ വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലിസ്ഥലം അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്ന് അർത്ഥമാകുന്നു;

(ഡി) 'കാറ്റഗറി രണ്ട് സംരംഭങ്ങൾ' എന്നാൽ സേവനങ്ങൾ നൽകുന്നതോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അല്ലെങ്കിൽ വ്യാപാരത്തിലോ, വാണിജ്യ പ്രവർത്തനങ്ങളിലോ ഏർപ്പെട്ടിരിക്കുന്നതോ ആയ സ്ഥാപനങ്ങൾ എന്ന് അർത്ഥമാകുന്നു;

(ഇ) 'സംരംഭങ്ങൾ' എന്നാൽ, അതത് സംഗതി പോലെ, കാറ്റഗറി ഒന്ന് സംരംഭങ്ങൾ എന്നോ കാറ്റഗറി രണ്ട് സംരംഭങ്ങൾ എന്നോ അല്ലെങ്കിൽ കാറ്റഗറി ഒന്നിലോ കാറ്റഗറി രണ്ടിലോ ഉൾപ്പെട്ട സംരംഭങ്ങൾ എന്നോ അർത്ഥമാകുന്നു;

(എഫ്) 'ഫാക്ടറി' എന്നാൽ 2020-ലെ ദി ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ്-ലെ 2-ാം വകുപ്പ് (m) ഖണ്ഡത്തിൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള ഒരു ഫാക്ടറി എന്നർത്ഥമാകുന്നു;

(ജി) 'ഫാറം' എന്നാൽ ഈ ചട്ടങ്ങളിൽ ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു;

(എച്ച്) 'പട്ടിക' എന്നാൽ ഈ ചട്ടങ്ങളോട് ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു

(ഐ) 'വകുപ്പ്' എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ജെ) 'സേവനം' എന്നാൽ ഭൗതിക ഉത്പന്നങ്ങൾ ഒഴികെ പണം ഈടാക്കിക്കൊണ്ട് നിർവ്വഹിക്കപ്പെടുന്ന ഏതെങ്കിലും പ്രവൃത്തി എന്നർത്ഥമാകുന്നു;

(കെ) 'മലിനീകരണം' എന്നാൽ ജലത്തിന്റെ കാര്യത്തിൽ 1974-ലെ ജല (മലിനീകരണ നിയന്ത്രണനിവാരണ) ആക്റ്റിലെ (1974-ലെ 6-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിലും വായുവിന്റെ കാര്യത്തിൽ 1981-ലെ വായു (മലിനീകരണ നിയന്ത്രണനിവാരണ) ആക്റ്റിലെ (1981-ലെ 14-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിലും 1986-ലെ എൻവയോൺമെന്റൽ (പ്രൊട്ടക്ഷൻ) ആക്റ്റിലെ (1986 ലെ 29-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിലും നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള മലിനീകരണം എന്നർത്ഥമാകുന്നു;

(എൽ) 'വർഷം' എന്നാൽ ഒരു മാസത്തിലെ ഒരു തീയതിയിൽ തുടങ്ങി തൊട്ടടുത്ത വർഷത്തെ അതേ മാസത്തിലെ അതേ തീയതിക്ക് തൊട്ടുമുമ്പുള്ള ദിവസം അവസാനിക്കുന്ന കാലയളവ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>ലൈസൻസിനുള്ള അപേക്ഷ</u>.-(1) സംരംഭങ്ങൾക്ക് 447-ാം വകുപ്പ് പ്രകാരമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലൈസൻസിനായുള്ള അപേക്ഷ ലൈസൻസ് ആവശ്യമുള്ള ആദ്യത്തെ തീയതിക്ക് 30 ദിവസം മുമ്പ് സെക്രട്ടറിക്കോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ 1-ാം നമ്പർ ഫാറത്തിൽ ബാധകമായ ലൈസൻസ് ഫീസ് അടവാക്കി അപേക്ഷ നൽകേണ്ടതാണ്.

(2) (1)-ാം ഉപചട്ട പ്രകാരം നൽകുന്ന അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്, അതായത്:-

(i) സ്ഥലത്തിന്റെ/കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ;

(ii) സ്ഥലം/കെട്ടിടം അപേക്ഷകന്റെ സ്വന്തമല്ലെങ്കിൽ ലീസ് എഗ്രിമെന്റ്/വാടകക്കരാർ എന്നിവയുടെ പകർപ്പ്/മുദ്രപത്രത്തിലുള്ള ഉടമയുടെ സമ്മതപത്രം;

(iii) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധന അനുസരിച്ച് സംരംഭം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ/സമ്മതപത്രം (ബാധകമാകുന്ന സംഗതിയിൽ);

(iv) സംരംഭത്തിന്റെ പ്രവർത്തനത്തിനായി സംരംഭത്തെ സംബന്ധിച്ചോ സംരംഭത്തിന്റെ ജീവനക്കാരെ സംബന്ധിച്ചോ മറ്റ് വകുപ്പുകളിൽ നിന്നോ ഏജൻസികളിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള അനുമതിയോ ക്ലിയറൻസുകളോ നേടേണ്ടതുണ്ടെങ്കിൽ ആയത് സംരംഭം പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പ് സ്വന്തം നിലയിൽ നേടിക്കൊള്ളാമെന്നുള്ള അപേക്ഷകന്റെ പ്രഖ്യാപനം.

(3) (1)-ാം ഉപചട്ട പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷ ലഭിക്കുമ്പോൾ തന്നെ പരിശോധിക്കേണ്ടതും അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകളിൽ ആവശ്യമായ ഏതെങ്കിലും രേഖകൾ നൽകിയിട്ടില്ലാത്തപക്ഷം അവ സമർപ്പിക്കുവാൻ ഉടൻ തന്നെ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, സമർപ്പിക്കുവാൻ വിട്ടുപോയ രേഖകൾ എത്രയും വേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ 5 ദിവസം കഴിയുന്നതിനു മുമ്പായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.

<u>കുറിപ്പ്</u>:- നാലുചക്രമോ അതിനു മുകളിലുള്ളതോ ആയ വാഹനങ്ങളിൽ നടത്തപ്പെടുന്ന മൊബൈൽ സെയിൽസ്/സർവ്വീസ്/റസ്റ്റോറന്റ് എന്നിങ്ങനെയുള്ള സംരംഭങ്ങൾ, 2014-ലെ സ്ട്രീറ്റ് വെണ്ടേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവിലിഹുഡ് ആന്റ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെണ്ടിംഗ്) ആക്റ്റ് പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സംരംഭങ്ങൾ എന്നിവ അതത് നഗരസഭകൾക്ക് പ്രത്യേകമായി ബൈലോ നിലവിലുണ്ടെങ്കിൽ ആയതിലെ വ്യവസ്ഥകളും ഈ ചട്ട പ്രകാരമുള്ള വ്യവസ്ഥകളും പാലിച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലൈസൻസ് എടുക്കേണ്ടതാണ്.

4. <u>സെക്രട്ടറി അപേക്ഷയുടെ കാര്യത്തിൽ തീർപ്പ് കൽപ്പിക്കണമെന്ന്.</u>-(1) 3-ാം ചട്ടത്തിലെ (2)-ാം ഉപചട്ടം അനുശാസിക്കുന്ന എല്ലാ രേഖകളും സഹിതം ലഭിക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ, സംരംഭത്തിനായി സ്ഥലം ഉപയോഗിക്കുന്ന സംഗതിയിൽ സ്ഥലത്തിന്റെയും കെട്ടിടം ഉപയോഗിക്കുന്ന സംഗതിയിൽ കെട്ടിടത്തിന്റെയും അനുയോജ്യത ഉറപ്പാക്കിയ ശേഷം അപേക്ഷ ലഭിച്ച് പരമാവധി 5 ദിവസത്തിനുള്ളിൽ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഫാറം 2-ൽ ലൈസൻസ് അനുവദിക്കേണ്ടതാണ്.

(2) ലൈസൻസിൽ, ലൈസൻസ് അനുവദിച്ചിട്ടുള്ള കാലയളവും അവ ഏതൊക്കെ നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണ് നൽകപ്പെടുന്നതെന്നുള്ളതും പ്രത്യേകം രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(3) ഒരു സംരംഭം നിലവിലുള്ള ഒരു കെട്ടിടത്തിൽ സ്ഥാപിക്കുവാനാണ് അപേക്ഷകൻ ഉദ്ദേശിക്കുന്നതെങ്കിൽ, അപ്രകാരമുള്ള കെട്ടിടം മുനിസിപ്പാലിറ്റി പ്രദേശത്ത് ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കപ്പെടുന്നതായിരിക്കേണ്ടതാണ്.

(4) വാസഗൃഹമായി ഉപയോഗിക്കുന്ന കെട്ടിടത്തിൽ 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 25-ാം ചട്ടം (2)-ാം ഉപചട്ടം (എ) ഖണ്ഡപ്രകാരമുള്ള ഗ്രൂപ്പ് എ 1 വിനിയോഗ ഗണത്തിൽ അനുവദനീയമായ സംരംഭങ്ങൾക്ക് വാസഗൃഹത്തിലെ താമസക്കാർക്ക് 4-ാം ചട്ടപ്രകാരം ലൈസൻസ് അനുവദിക്കാവുന്നതാണ്:

എന്നാൽ, അപ്പാർട്ട്മെന്റുകൾ, ഫ്ലാറ്റുകൾ എന്നിവ ഒഴികെയുള്ള വാസഗൃഹങ്ങളിൽ ഫ്ലോർ മിൽ, ഫുഡ് പ്രോസസ്സിങ്ങ് യൂണിറ്റ്, ബേക്കറി യൂണിറ്റ് മുതലായ സംരംഭങ്ങൾക്ക് ലൈസൻസ് നൽകാവുന്നതും ഇത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്ന സംഗതിയിൽ, സംരംഭത്തിനായി ഉപയോഗിക്കുന്ന കെട്ടിട ഭാഗം 100 ചതുരശ്ര മീറ്ററോ അല്ലെങ്കിൽ ആ കെട്ടിടത്തിന്റെ നിർമ്മിത വിസ്തീർണ്ണത്തിന്റെ 50 ശതമാനമോ ഏതാണോ കുറവ് ആയതിൽ അധികമാകുവാൻ പാടുള്ളതല്ല.

(5) 4-ാം ചട്ടത്തിലെ (1) ഉം (2) ഉം ഉപചട്ടങ്ങൾ പ്രകാരം ലൈസൻസിനു വേണ്ടി ലഭിച്ച അപേക്ഷയിന്മേൽ 4-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം നിഷ്കർഷിക്കുന്ന സമയ പരിധിക്കുള്ളിൽ സെക്രട്ടറി ഏതൊരു തീരുമാനവും അപേക്ഷകനെ അറിയിക്കാതിരിക്കുന്നപക്ഷം, ആക്റ്റിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക്, ലൈസൻസ് നൽകിയതായി കരുതപ്പെടുന്നതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് അപേക്ഷകന് നൽകിയതിന് ശേഷവും, പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ നൽകിയ മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ചതിന് ശേഷവും, ലൈസൻസ് റദ്ദാക്കുവാൻ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. <u>ലൈസൻസിനുള്ള ഫീസ്</u>.–ആക്റ്റിലെ 447–ാം വകുപ്പ് അനുസരിച്ച് നൽകുന്ന ഏതൊരു ലൈസൻസിനും ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണ്.

6. <u>ലൈസൻസിന്റെ കാലാവധി.</u>–(1) 4–ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിന്റെയും കാലാവധി അത് നൽകിയ തീയതി മുതൽ പരമാവധി അഞ്ച് വർഷമായിരിക്കുന്നതാണ്.

(2) കെട്ടിട ഉടമയല്ലാത്ത ഒരാൾക്ക് നൽകുന്ന ലൈസൻസിന്റെ കാലാവധി, ലീസ് എഗ്രിമെന്റ്/വാടകക്കരാർ/മുദ്രപത്രത്തിലുള്ള കെട്ടിട ഉടമയുടെ സമ്മതപത്രം എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തീയതിക്കപ്പുറമാകാൻ പാടില്ലാത്തതാണ്.

7. <u>ഒന്നിലധികം ആവശ്യങ്ങൾക്ക് ലൈസൻസ് നൽകൽ.</u>–(1) ഒന്നിലധികം ഇനം സേവനങ്ങൾ നൽകുന്നതിനോ ഉൽപാദനത്തിനോ അല്ലെങ്കിൽ ഒന്നിലധികം ഇനങ്ങളുടെ വ്യാപാരത്തിനോ അല്ലെങ്കിൽ ഒന്നിലധികം ഇനങ്ങളുടെ വാണിജ്യ പ്രവർത്തനങ്ങൾക്കോ ആയി ഒരേ സ്ഥലം അല്ലെങ്കിൽ കെട്ടിടം ഉപയോഗിക്കുന്ന സംഗതിയിൽ അപ്രകാരമുള്ള എല്ലാ ആവശ്യങ്ങൾക്കുമായി സെക്രട്ടറിക്ക് യുക്തമെന്നു തോന്നുന്ന പക്ഷം ലൈസൻസ് അനുവദിക്കാവുന്നതാണ്. അപ്രകാരം നൽകപ്പെടുന്ന ലൈസൻസിൽ അനുവദിക്കപ്പെടുന്ന എല്ലാ സേവനങ്ങളുടെയും, വ്യാപാരങ്ങളുടെയും, വാണിജ്യ പ്രവർത്തനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

(2) ലൈസൻസ് അനുവദിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഒരു സ്ഥലം അല്ലെങ്കിൽ കെട്ടിടം ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആ വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതും, പ്രസ്തുത ആവശ്യങ്ങൾക്കും കൂടി ആ സ്ഥലം ഉപയോഗിക്കുന്നതിനുള്ള സെക്രട്ടറിയുടെ ലൈസൻസ് വാങ്ങേണ്ടതുമാണ്. ഇപ്രകാരം ലൈസൻസ് അനുവദിക്കുമ്പോൾ സംരംഭത്തിന്റെ മൂലധന നിക്ഷേപത്തിൽ വർധനവ് ഉണ്ടാകുന്ന പക്ഷം മൂലധന നിക്ഷേപം വർധിപ്പിക്കുന്ന തീയതി മുതൽ അതനുസരിച്ചുള്ള അധിക ഫീസ് കൂടി സംരംഭകനിൽ നിന്നും ഈടാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. സേവനങ്ങൾ, വ്യാപാരങ്ങൾ, വാണിജ്യ പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ.–ചട്ടം 4 പ്രകാരം ലൈസൻസ് നൽകപ്പെട്ട സേവനമോ വ്യാപാരമോ വാണിജ്യ പ്രവർത്തനമോ മൂലം പരിസരവാസികൾക്ക് ശല്യമുണ്ടാകുന്നതായി സെക്രട്ടറിക്ക് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ ബന്ധപ്പെട്ട ലൈസൻസിയോട് സെക്രട്ടറിയ്ക്ക് രേഖാമൂലം നിർദ്ദേശിക്കാവുന്നതാണ്. അപ്രകാരം നൽകപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്ത പക്ഷം, സെക്രട്ടറിയ്ക്ക് തൃപ്തികരമായ രീതിയിൽ ആവശ്യമായ നടപടികൾ സംരംഭകൻ സ്വീകരിക്കുന്ന സമയം വരെ, ശല്യമുണ്ടാക്കുന്ന സേവനമോ വ്യാപാരമോ വാണിജ്യപ്രവർത്തനമോ പൂർണ്ണമായോ ഭാഗികമായോ നിരോധിക്കാവുന്നതാണ്:

എന്നാൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകാതെയും സംരംഭകനെ കേൾക്കാൻ ന്യായമായ ഒരു അവസരം നൽകാതെയും സെക്രട്ടറി പ്രസ്തുത നിരോധന ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

9. കാറ്റഗറി ഒന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള മുനിസിപ്പാലിറ്റിയുടെ ലൈസൻസിനുള്ള അപേക്ഷ.–(1) കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെടുന്ന ഒരു സംരംഭം ഒരു പുരയിടത്തിലോ അല്ലെങ്കിൽ കെട്ടിടത്തിലോ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, പ്രസ്തുത സ്ഥലം ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ മുനിസിപ്പാലിറ്റിയുടെ ലൈസൻസിന് 447–ാം വകുപ്പ് പ്രകാരം അപേക്ഷ നൽകേണ്ടതും, അങ്ങനെ വ്യവസായശാലയോ ഫാക്ടറിയോ പണിസ്ഥലമോ നിർമ്മിക്കുകയോ യന്ത്രസാമഗ്രിയോ സംവിധാനമോ സ്ഥാപിക്കുകയോ ചെയ്യുവാൻ ആരംഭിക്കുന്നതിനു മുമ്പായി, ഉദ്ദിഷ്ട ജോലി ഏറ്റെടുത്ത് നടത്തുവാനുള്ള അനുവാദത്തിന് ഫാറം 3–ൽ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് പ്രസ്തുത പുരയിടം അല്ലെങ്കിൽ കെട്ടിടം ഏതു തീയതി മുതൽ ആ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ ആ തീയതിക്ക് 30 ദിവസം മുമ്പായി, ഒന്നാം പട്ടിക പ്രകാരമുള്ള ലൈസൻസ് ഫീസും, രണ്ടാം പട്ടിക പ്രകാരമുള്ള അനുവാദത്തിനുള്ള ഫീസും ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കുറിപ്പ്:–(1) കാറ്റഗറി ഒന്ന് സംരംഭങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിനായി അധിക മൂലധനനിക്ഷേപം നടത്തുന്നതും സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കുന്നതും 9–ാം ചട്ടപ്രകാരം കൗൺസിലിന്റെ അനുമതി ആവശ്യമായ ഒരു പ്രവൃത്തിയായി കണക്കാക്കേണ്ടതാണ്.

കുറിപ്പ്:–(2) ആക്റ്റിലെ 450–ാം വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടുള്ള യന്ത്രങ്ങളോ ഉൽപാദന യൂണിറ്റുകളോ വ്യവസായ യൂണിറ്റുകളോ സ്ഥാപിക്കുന്നതിന് അനുവാദം ആവശ്യമുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) (1)-ാം ഉപചട്ടപ്രകാരമുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. അതായത്:-

(i) സൈറ്റ് പ്ലാൻ - (1 : 400 സ്കെയിലിൽ കുറയാതെ തയ്യാറാക്കിയ സൈറ്റ് പ്ലാനിൽ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള അല്ലെങ്കിൽ കൈവശത്തിലുള്ള പുരയിടത്തിന്റെ സർവ്വേ നമ്പർ, വിസ്തൃതി, കെട്ടിടത്തിന്റെ സ്ഥാനം, കെട്ടിടത്തിന്റെ വിസ്തൃതി, കെട്ടിടത്തിന് അതിരുകളിൽ നിന്നുള്ള അകലം, തൊട്ടടുത്ത വസ്തുക്കളുടെയും റോഡുകളുടെയും വിവരണം, സൈറ്റിന്റെ അതിരിൽ നിന്ന് നൂറ് മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന വാസഗൃഹങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മറ്റ് പൊതുസ്ഥാപനങ്ങൾ, പൊതുജലാശയങ്ങൾ എന്നിവയുടെ സ്ഥാനം തുടങ്ങിയവ രേഖപ്പെടുത്തേണ്ടതാണ്);

(ii) സ്ഥലത്തിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ

(iii) സ്ഥലം/കെട്ടിടം അപേക്ഷകന്റെ സ്വന്തമല്ലെങ്കിൽ ലീസ് എഗ്രിമെന്റ്/വാടക കരാറിന്റെ പകർപ്പ്/മുദ്രപത്രത്തിലുള്ള ഉടമയുടെ സമ്മതപത്രം;

(iv) (എ) 2020-ലെ ദി ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡിന്റെ (2020-ലെ 37-ാം കേന്ദ്ര ആക്റ്റ്) പരിധിയിൽ വരുന്ന ഒരു ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ, ജോലിസ്ഥലത്തിന്റെയോ കാര്യത്തിൽ അതിന്റെ നിർമ്മാണവും സ്ഥാപനവും പ്രസ്തുത കോഡിലെ വ്യവസ്ഥകൾക്ക് അനുസൃതമാണോ എന്നത് സംബന്ധിച്ച് സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്റെ ഒരു റിപ്പോർട്ട്,

(ബി) ആക്റ്റിലെ ഏഴാം പട്ടികയിൽ പറഞ്ഞിട്ടുള്ളതോ യന്ത്രസാമഗ്രികളുടെ ശേഷി 25 കുതിരശക്തിയിൽ കവിയുന്നതോ അഥവാ പരിസരമലിനീകരണം ഉണ്ടാകുന്നതല്ലെന്ന് അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതോ ആയ ഒരു വ്യവസായത്തിന്റെ കാര്യത്തിൽ, അതിന്റെ മലിനീകരണ സാദ്ധ്യതകളും പരിഹാരമാർഗങ്ങളും സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ ഒരു റിപ്പോർട്ട്,

(സി) ആക്റ്റിലെ എട്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഒരു വ്യവസായത്തിന്റെ കാര്യത്തിൽ അഗ്നിപ്രതിരോധവും അഗ്നിശമനവും സംബന്ധിച്ച മുൻകരുതലുകളുടെ പര്യാപ്തത സംബന്ധിച്ച് റീജിയണൽ ഫയർ ഓഫീസറുടെ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒരു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റിപ്പോർട്ട്.

(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷ ലഭിച്ചതിനുശേഷം കഴിയുന്നതും വേഗം അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കലോ പരിസരത്തെ ജനസാന്ദ്രതമൂലം ശല്യമോ മലിനീകരണമോ ഉണ്ടാക്കാമെന്ന കാരണത്താൽ ആക്ഷേപമുണ്ടെങ്കിൽ, അത് കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും കൗൺസിൽ, അപേക്ഷയും, സെക്രട്ടറിയുടെയും (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റു അധികാരികളുടെയും റിപ്പോർട്ടുകളും പരിഗണിച്ചതിനുശേഷം, കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും, അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം, പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റു വ്യവസ്ഥകൾക്ക് വിധേയമായോ 4-ാം നമ്പർ ഫാറത്തിലും, 3-ാം ചട്ടപ്രകാരമുള്ള ലൈസൻസ് 2-ാം നമ്പർ ഫാറത്തിലും അനുവദിക്കേണ്ടതാണ്.

(4) മേൽപറഞ്ഞ പ്രകാരം അനുവാദത്തിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം, സെക്രട്ടറി അതിന്മേലുള്ള ഏതൊരു ഉത്തരവും അപേക്ഷകനെ അറിയിക്കാതിരിക്കുന്നപക്ഷം, ആക്ടിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടാവുന്നതാണ്:

എന്നാൽ, പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൗൺസിലിന്റെ അംഗീകാരത്തോടെ, അപേക്ഷകന്, ലൈസൻസ് റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനുശേഷവും പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ സമർപ്പിച്ച മറുപടി, ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ചതിനുശേഷവും സെക്രട്ടറിക്ക് ലൈസൻസ് റദ്ദാക്കാവുന്നതും അപ്രകാരം റദ്ദാക്കുന്നതിന്മേൽ, സെക്രട്ടറിക്ക് അപേക്ഷകന് മേൽ അഞ്ചുലക്ഷത്തിൽ കവിയാത്ത ഒരു തുക പിഴയായി ചുമത്താവുന്നതുമാണ്.

10. <u>രജിസ്ട്രേഷൻ.</u>-(1) സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായവികസന സ്ഥലങ്ങൾ, വ്യവസായവികസന പ്രദേശങ്ങൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ, എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന സംരംഭങ്ങൾ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകൾ, അഞ്ച് കുതിരശക്തിയിൽ കുറവ് ശേഷിയുള്ളതായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതും മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമാണെന്ന് സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യവസായ യൂണിറ്റുകൾ എന്നിവ 3-ാം പട്ടിക പ്രകാരമുള്ള ഫീസ് അടവാക്കി മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന തീയതിക്ക് 15 ദിവസം മുമ്പായി 5-ാം നമ്പർ ഫാറത്തിൽ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

(3) അപേക്ഷ ലഭിച്ച് 3 ദിവസത്തിനകം 6-ാം നമ്പർ ഫാറത്തിൽ സെക്രട്ടറി സംരംഭക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(4) (3)-ാം ഉപചട്ടപ്രകാരം നൽകുന്ന ഏതൊരു രജിസ്ട്രേഷന്റെയും കാലാവധി സെക്രട്ടറി ഒരു മുൻതീയതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ, അതിൽ പ്രത്യേകം പറയാവുന്ന മുൻതീയതിയിൽ അവസാനിക്കുന്നതും, അല്ലാത്തപക്ഷം രജിസ്ട്രേഷന്റെ കാലാവധി അത് നൽകിയ തീയതി മുതൽ പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്താവുന്നതുമാണ്. രജിസ്ട്രേഷൻ ഒന്നിൽ കൂടുതൽ വർഷത്തെ കാലാവധിയിൽ അനുവദിക്കുന്ന സംഗതികളിൽ മൂന്നാം പട്ടിക പ്രകാരം ഒരു വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള രജിസ്ട്രേഷൻ ഫീസിന്റെ അത്രയും ഇരട്ടി തുക മുൻകൂറായി ഈടാക്കേണ്ടതാണ്.

11. <u>ലൈസൻസ്/രജിസ്ട്രേഷൻ പുതുക്കൽ.-</u>(1) 4, 9 എന്നീ ചട്ടങ്ങൾ പ്രകാരം നൽകിയിട്ടുള്ള ഏതൊരു ലൈസൻസും 10-ാം ചട്ടപ്രകാരം നേടിയിട്ടുള്ള രജിസ്ട്രേഷനും ആ ലൈസൻസിന്റെ/രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയും തൊണ്ണൂറു ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ അപേക്ഷ കൂടാതെ തന്നെ, അതത് സംഗതി പോലെ, ലൈസൻസ്/രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിന്മേൽ പുതുക്കപ്പെടുന്നതാണ്.

(2) ലൈസൻസിന്റെ/രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ പുതുക്കുന്നതിനുള്ള ഫീസ് ഒടുക്കുന്ന സംഗതിയിൽ, ഫീസും ഒരു വർഷത്തേക്കുള്ള ഫീസിന്റെ 10 ശതമാനം തുക ലേറ്റ് ഫീസും ഒടുക്കുന്നതിൻമേൽ അപേക്ഷ കൂടാതെ തന്നെ ലൈസൻസ്/രജിസ്ട്രേഷൻ പുതുക്കപ്പെടുന്നതാണ്.

(3) ലൈസൻസിന്റെ/രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ച ശേഷം ലൈസൻസ്/രജിസ്ട്രേഷൻ പുതുക്കുന്ന സംഗതിയിൽ ലൈസൻസ്/രജിസ്ട്രേഷൻ പുതുക്കാതിരുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓരോ വർഷത്തേക്കും ലൈസൻസ്/രജിസ്ട്രേഷൻ ഫീസിന്റെ 20 ശതമാനം വീതം തുക ലേറ്റ് ഫീസായി ഈടാക്കിക്കൊണ്ട് സെക്രട്ടറിക്ക്, ലൈസൻസ്/രജിസ്ട്രേഷൻ പുതുക്കി നൽകാവുന്നതാണ്.

(4) 4, 9, 10 എന്നീ ചട്ടങ്ങൾ പ്രകാരമുള്ള ഒരു ലൈസൻസ്/രജിസ്ട്രേഷൻ കാലാവധിക്കുള്ളിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ പ്രവർത്തനങ്ങൾക്കായി ലൈസൻസ്/രജിസ്ട്രേഷൻ ആവശ്യമുള്ളപ്പോഴോ സംരംഭത്തിന്റെ മൂലധനനിക്ഷേപത്തിൽ മാറ്റം വരുത്തുമ്പോഴോ, അതത് സംഗതി പോലെ സെക്രട്ടറിയുടെ അനുമതി നേടേണ്ടതാണ്.

12. ഒഴിവാക്കൽ.–താഴെ പറയുന്ന സംരംഭക പ്രവർത്തനങ്ങളെ 447–ാം വകുപ്പിന്റെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്, അതായത്:–

(i) ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകൾ അനുസരിച്ചോ 565–ാം വകുപ്പ് അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള മറ്റേതെങ്കിലും ചട്ടങ്ങൾ പ്രകാരമോ സെക്രട്ടറിയുടെ ലൈസൻസ്/രജിസ്ട്രേഷൻ നിഷ്കർഷിച്ചിട്ടുള്ളവ;

(ii) 1958–ലെ കേരള സിനിമാസ് (റെഗുലേഷൻ) ആക്റ്റും (1958–ലെ 32), 1988–ലെ കേരള സിനിമാസ് (റെഗുലേഷൻ) ചട്ടങ്ങളും പ്രകാരം ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളവ;

(iii) 1963–ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റും (1963 – ലെ 40) 1965 – ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങളും പ്രകാരം ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ള പബ്ലിക് റിസോർട്ട് അല്ലെങ്കിൽ വിനോദകേന്ദ്രങ്ങൾ:

എന്നാൽ 50 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പബ്ലിക് റിസോർട്ടുകൾ അല്ലെങ്കിൽ വിനോദകേന്ദ്രങ്ങൾ ഈ ചട്ടങ്ങൾ പ്രകാരമുള്ള സെക്രട്ടറിയുടെ ലൈസൻസ് നേടിയിരിക്കേണ്ടതാണ്:

കുറിപ്പ്:– ഈ ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ ടർഫുകൾക്ക് ബാധകമല്ല.

(iv) ധർമ്മകാര്യങ്ങൾക്കായി പ്രവർത്തിക്കുന്നതും മതപരമായ ഉദ്ദേശ്യത്തോടെ നടത്തപ്പെടുന്നതുമായ സ്ഥാപനങ്ങൾ (bonafide charitable and religious institutions);

(v) പ്രതിഫലം കൈപ്പറ്റാതെ അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനമുള്ളതുമായ സ്ഥാപനങ്ങൾ, രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ എന്നിവ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. <u>ഉത്തരവുകൾ പാസ്സാക്കുവാനോ മുനിസിപ്പാലിറ്റികൾക്ക് നിർദ്ദേശങ്ങൾ നൽകുവാനോ സർക്കാരിനുള്ള അധികാരം</u>.-സർക്കാരിന് ഒന്നുകിൽ പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയിൽ, മുനിസിപ്പാലിറ്റിയുമായി കൂടിയാലോചിച്ചശേഷമോ, 4–ാം ചട്ടമോ 9–ാം ചട്ടമോ 10–ാം ചട്ടമോ പ്രകാരം എടുത്തതോ എടുക്കാൻ വിട്ടുപോയതോ ആയ ഏതൊരു നടപടി സംബന്ധിച്ചും തങ്ങൾക്ക് യുക്തമെന്നു തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്.

14. <u>ലൈസൻസ്/രജിസ്ട്രേഷൻ റദ്ദാക്കൽ</u>.–(1) തെറ്റായ വിവരങ്ങളോ വ്യാജമായ രേഖകളോ നൽകിയാണ് ലൈസൻസ്/രജിസ്ട്രേഷൻ നേടിയിട്ടുള്ളതെന്നോ നിലവിലുള്ള അനുമതിയിലെ/ലൈസൻസിലെ/രജിസ്ട്രേഷനിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുവെന്നോ സെക്രട്ടറിക്ക് ബോധ്യം വരികയാണെങ്കിലോ അല്ലെങ്കിൽ സംരംഭകന്റെ മേൽ ഒരു ക്ഷമതയുള്ള കോടതി 1955 - ലെ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്റ്റ് (1955– ലെ 22–ാം നമ്പർ കേന്ദ്ര ആക്റ്റ്) പ്രകാരം കുറ്റം സ്ഥാപിക്കുകയും ആ കുറ്റം ചെയ്തിട്ടുള്ളത് അനുമതിയെ/ലൈസൻസിനെ/ രജിസ്ട്രേഷനെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യം പ്രമാണിച്ചായിരിക്കുകയും ചെയ്യുകയാണെങ്കിലോ, 2003–ലെ സിഗററ്റുകളും മറ്റ് പുകയില ഉൽപന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര–വാണിജ്യത്തിന്റെയും ഉൽപാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റിന്റെ (2003–ലെ 34–ാം നമ്പർ കേന്ദ്ര ആക്റ്റ്) 6–ാം വകുപ്പിന്റെ ലംഘനത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്യുകയാണെങ്കിലോ 1985–ലെ നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റ് (1985–ലെ 61–ാം നമ്പർ കേന്ദ്ര ആക്റ്റ്) പ്രകാരം നർക്കോട്ടിക് ഡ്രഗ്സോ സൈക്കോട്രോപിക് സബ്സ്റ്റൻസുകളോ ഉൽപാദനം നടത്തിയതിനോ കൈവശം വച്ചതിനോ വിപണനം നടത്തിയതിനോ ശിക്ഷിക്കപ്പെടുകയും ചെയ്യുകയാണെങ്കിലോ സംരംഭത്തിന് നൽകിയിട്ടുള്ള ലൈസൻസ്/രജിസ്ട്രേഷൻ സെക്രട്ടറി റദ്ദ് ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ചട്ടപ്രകാരമുള്ള യാതൊരു നടപടിയും ബന്ധപ്പെട്ട സംരംഭത്തിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകാതെയും അയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ അവസരം നൽകാതെയും സ്വീകരിക്കുവാൻ പാടുള്ളതല്ല.

(2) മുനിസിപ്പാലിറ്റിയുടെ ലൈസൻസ്/രജിസ്ട്രേഷൻ ലഭിച്ച സംരംഭം മറ്റൊരു സ്ഥലത്തേക്ക്/കെട്ടിടത്തിലേക്ക് മാറ്റുന്ന സംഗതിയിൽ, മുനിസിപ്പാലിറ്റിയുടെ ലൈസൻസ്/രജിസ്ട്രേഷൻ റദ്ദാകുന്നതും സംരംഭം പുതിയ സ്ഥലത്ത്/മറ്റൊരു കെട്ടിടത്തിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ലൈസൻസ്/രജിസ്ട്രേഷൻ പുതിയതായി നേടേണ്ടതുമാണ്.

(3) സംരംഭത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്ന പക്ഷം ലൈസൻസി സെക്രട്ടറിക്ക് അപേക്ഷ നൽകി ലൈസൻസ്/രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണ്. ലൈസൻസി മരണപ്പെട്ടതായോ, സംരംഭം ഉപേക്ഷിക്കപ്പെട്ടതായോ പരിശോധനയിൽ ബോധ്യപ്പെടുന്ന സംരംഭങ്ങളുടെ ലൈസൻസ് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ റദ്ദ് ചെയ്യേണ്ടതാണ്.

15. സംരംഭങ്ങൾ കൈമാറൽ.-(1) 4, 9, 10 എന്നീ ചട്ടങ്ങൾ പ്രകാരം എടുത്തിട്ടുള്ള ലൈസൻസ്/രജിസ്ട്രേഷൻ എന്നിവ മറ്റൊരാളുടെ പേരിലേക്ക് കൈമാറുന്നതിന് കൈമാറ്റം ചെയ്തു കിട്ടേണ്ട ആൾ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം സംരംഭത്തിന്റെ ഉടമസ്ഥാവകാശം/നടത്തിപ്പവകാശം കൈമാറ്റം ചെയ്തിട്ടുള്ളതായി തെളിയിക്കുന്ന മതിയായ രേഖ, സ്ഥലത്തിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ കൈവശം തെളിയിക്കുന്ന രേഖ എന്നിവ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(2) അതതു സംഗതി പോലെ, ലൈസൻസ്/രജിസ്ട്രേഷൻ ഫീസിന്റെ 50 ശതമാനമോ 1000 രൂപയോ ഏതാണോ കുറവ്, ആ തുക ഈടാക്കികൊണ്ട് അപേക്ഷകന്റെ പേരിലേക്ക് ലൈസൻസ്/രജിസ്ട്രേഷൻ, സെക്രട്ടറി മാറ്റി നൽകേണ്ടതാണ്.

16. അപേക്ഷകൾ നൽകേണ്ട രീതി.-ഈ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിക്കോ ലൈസൻസിനോ രജിസ്ട്രേഷനോ അല്ലെങ്കിൽ ലൈസൻസോ രജിസ്ട്രേഷനോ പുതുക്കുന്നതിനോ മറ്റ് സേവനങ്ങൾക്കോ ഉള്ള അപേക്ഷയും അനുബന്ധ രേഖകളും ഫീസും അതിനായി ഏർപ്പെടുത്തിയിട്ടുള്ള ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകേണ്ടതാണ്.

17. രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച്.-4, 9 എന്നീ ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ്, 10-ാം ചട്ടപ്രകാരം നൽകുന്ന രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ഇലക്ട്രോണിക് രൂപത്തിലോ അല്ലാതെയോ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

18. ലൈസൻസി അനുസരിക്കേണ്ട നിർദ്ദേശങ്ങൾ.-(1) ആക്റ്റിലെ അദ്ധ്യായം XVI എ യിൽ പ്രതിപാദിച്ചിട്ടുള്ള മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഏതൊരു ലൈസൻസിയും അനുസരിക്കേണ്ടതാണ്.

(2) ലൈസൻസ് നേടുന്ന സംരംഭത്തിന്റെ പ്രവർത്തനത്തിനായി സംരംഭത്തെ സംബന്ധിച്ചോ സംരംഭത്തിന്റെ ജീവനക്കാരെ സംബന്ധിച്ചോ സർക്കാരിൽ നിന്നോ സർക്കാർ ചുമതലപ്പെടുത്തുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങളിൽ നിന്നോ അധികാരികളിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള സാക്ഷ്യപത്രങ്ങളോ ക്ലിയറൻസുകളോ നേടേണ്ടതുണ്ടെങ്കിൽ ആയത് ലൈസൻസി സംരംഭ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപ് അല്ലെങ്കിൽ ബാധകമാകുന്ന സമയത്ത്, ഏതാണോ ആദ്യം, അതത് സംഗതി പോലെ, നേടിയിരിക്കേണ്ടതാണ്.

19. ലൈസൻസോ രജിസ്ട്രേഷനോ നിരസിക്കുന്ന സാഹചര്യത്തിൽ ഫീസ് തിരികെ നൽകണമെന്ന്.–ഈ ചട്ടങ്ങൾ പ്രകാരം ലൈസൻസിനു വേണ്ടിയോ രജിസ്ട്രേഷനു വേണ്ടിയോ ഒടുക്കിയിട്ടുള്ള ഫീസുകൾ ലൈസൻസോ രജിസ്ട്രേഷനോ നിരസിക്കുന്ന സാഹചര്യത്തിൽ തിരികെ ലഭിക്കുന്നതിന് അപേക്ഷകന് അവകാശമുണ്ടായിരിക്കുന്നതാണ്.

20. അപ്പീൽ.–ഈ ചട്ടങ്ങൾ പ്രകാരം കൗൺസിൽ പാസ്സാക്കിയ ഉത്തരവിനോ എടുത്ത തീരുമാനത്തിനോ അല്ലെങ്കിൽ തീരുമാനം എടുക്കാത്തതിനോ എതിരെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 509-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

പട്ടിക 1

[4-ാം ചട്ടം കാണുക]

| ക്രമ നമ്പർ | വിഭാഗം | ഒരു വർഷത്തേക്ക് ചുമത്താവുന്ന ലൈസൻസ് ഫീസ് |
|---|---|---|
| 1 | ഒരു ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ | 250 രൂപ |
| 2 | മൂലധന നിക്ഷേപം ഒരു ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 10 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 3 | മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1,000 രൂപ |
| 4 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 50 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 2500 രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 5 | മൂലധന നിക്ഷേപം 50 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 75 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 5,000 രൂപ |
| 6 | മൂലധനനിക്ഷേപം 75 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10,000 രൂപ |
| 7 | മൂലധനനിക്ഷേപം 1 കോടി രൂപയിൽ കൂടുതലായ സംരംഭങ്ങൾ | 5 കോടി രൂപ വരെ 15,000 രൂപ. (മൂലധന നിക്ഷേപം 5 കോടിക്ക് മുകളിൽ അധികരിക്കുന്ന ഓരോ കോടി രൂപയ്ക്കും 1000 രൂപ വീതം.) |

പട്ടിക 2

[9-ാം ചട്ടം കാണുക]

| ക്രമ നമ്പർ | വിഭാഗം | ഈടാക്കാവുന്ന ഫീസ് |
|---|---|---|
| 1 | 5 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ | 500 രൂപ |
| 2 | മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1000 രൂപ |
| 3 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 50 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 2500 രൂപ |
| 4 | മൂലധനനിക്ഷേപം 50 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 5,000 രൂപ |
| 5 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 10,000 രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക 3

[10–ാം ചട്ടം കാണുക]

| ക്രമ നമ്പർ | വിഭാഗം | ഒരു വർഷത്തേക്ക് ചുമത്താവുന്ന രജിസ്ട്രേഷൻ ഫീസ് |
|---|---|---|
| 1 | ഒരു ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ | 250 രൂപ |
| 2 | മൂലധന നിക്ഷേപം ഒരു ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 10 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 3 | മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 750 രൂപ |
| 4 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 50 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1500 രൂപ |
| 5 | മൂലധന നിക്ഷേപം 50 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 75 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 3,000 രൂപ |
| 6 | മൂലധനനിക്ഷേപം 75 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 7,500 രൂപ |
| 7 | മൂലധനനിക്ഷേപം 1 കോടി രൂപയിൽ കൂടുതലായ സംരംഭങ്ങൾ | 5 കോടി രൂപ വരെ 10,000 രൂപ. (മൂലധന നിക്ഷേപം 5 കോടിക്ക് മുകളിൽ അധികരിക്കുന്ന ഓരോ കോടി രൂപയ്ക്കും 1000 രൂപ വീതം.) |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 1

[4–ാം ചട്ടം കാണുക]

ലൈസൻസിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| (1) | മുനിസിപ്പാലിറ്റിയുടെ പേര് | : | |
| (2) | സംരംഭകന്റെ പേര് – മലയാളത്തിൽ<br>ഇംഗ്ലീഷിൽ | | |
| (3) | സംരംഭകന്റെ മേൽവിലാസം | : | |
| (4) | മൊബൈൽ നമ്പർ<br>ഇ–മെയിൽ വിലാസം (ഉണ്ടെങ്കിൽ മാത്രം) | : | |
| (5) | ആധാർ നമ്പർ<br>PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | :<br>: | |
| (6) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വാർഡ് നമ്പർ | : | |
| (7) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നമ്പർ/സ്റ്റാൾ നമ്പർ/ബങ്ക് നമ്പർ | : | |
| (8) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വില്ലേജിന്റെ പേര് (പുരയിടമാണെങ്കിൽ മാത്രം ബാധകം) | : | |
| (9) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന പുരയിടത്തിന്റെ സർവ്വേ നമ്പർ | : | |
| (10) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പോസ്റ്റ് ഓഫീസ്, പിൻകോഡ് | :<br>: | |
| (11) | ലൈസൻസ് ആവശ്യമുള്ള സേവനങ്ങൾ/വ്യാപാരങ്ങൾ/വാണിജ്യ പ്രവർത്തനങ്ങൾ/വ്യവസായങ്ങൾ തുടങ്ങിയവയുടെ വിവരങ്ങൾ (ഉദാ: സ്റ്റേഷണറി വ്യാപാരം, പെട്രോൾ പമ്പ്, ജ്വല്ലറി, കയർ ഫാക്ടറി, ഇലക്ട്രിക്കൽ വർക്ക് ഷോപ്പ്, സ്റ്റോൺ ക്രഷർ എന്നിങ്ങനെ) | : | (1)<br>(2)<br>(3)<br>––<br>–– |
| (12) | മൊബൈൽ സെയിൽസ്/സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്കാണ് ലൈസൻസ് എങ്കിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | : | |
| (13) | സംരംഭത്തിന്റെ മേഖല | | ഉൽപാദനം/സംഭരണം/വിപണനം/ സേവനം |
| (14) | ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം | : | |
| (15) | മൂലധന നിക്ഷേപം (1) ഭൂമി<br>(2) കെട്ടിടം | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | (3) സംരംഭത്തിനായി മുതൽ മുടക്കിയ തുക ആകെ | | --------------- രൂപ |
| (16) | യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ – മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച അനുമതിയുടെ വിവരം സഹിതം | : | |
| (17) | ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പേര് (പേര് നൽകിയിട്ടുണ്ടെങ്കിൽ) | : | |
| (18) | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലാണോ? | : | അതെ/അല്ല |
| (19) | ഭൂമി/കെട്ടിടം അപേക്ഷകന്റെ ഉടമസ്ഥതയിലല്ലെങ്കിൽ ഉടമയുടെ പേരും വിലാസവും (ലീസ് എഗ്രിമെന്റ്/വാടക കരാർ എന്നിവയുടെ പകർപ്പ്/മുദ്രപത്രത്തിലുള്ള ഉടമയുടെ സമ്മതപത്രം ഹാജരാക്കണം) | : | |
| (20) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ബ്ലൂ/ഓറഞ്ച്/റെഡ് |
| (21) | ലൈസൻസ് എന്നു മുതൽ എത്ര കാലത്തേക്ക് വേണമെന്ന് (പരമാവധി 5 വർഷം വരെ) | : | |
| (22) | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | ഒടുക്കിയ തുക :<br>രസീത് നമ്പർ :<br>തീയതി : |

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ് :

(ആഫീസ് ആവശ്യത്തിന്)

അപേക്ഷ നമ്പരും തീയതിയും: …………/…………

അന്വേഷണ റിപ്പോർട്ട്:

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും തീയതിയും

ലൈസൻസ് അനുവദിച്ചു/നിരസിച്ചു (നിരസിക്കുകയാണെങ്കിൽ കാരണം രേഖപ്പെടുത്തുക)

സെക്രട്ടറിയുടെ ഒപ്പും തീയതിയും പേരും

ലൈസൻസിന്റെ നമ്പരും തീയതിയും:

ലൈസൻസ് ഫീസ് അടച്ചതിന്റെ രസീത് നമ്പരും:

തീയതിയും തുകയും:

സെക്രട്ടറിയുടെ ഒപ്പ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 2

[4-ാം ചട്ടം കാണുക]

....................................... മുനിസിപ്പാലിറ്റി

ലൈസൻസ്

| | | | |
|---|---|---|---|
| (1) | ലൈസൻസ് നമ്പർ | : | |
| (2) | ലൈസൻസിയുടെ പേര്<br>മലയാളത്തിൽ<br>ഇംഗ്ലീഷിൽ | <br>:<br>: | |
| (3) | ലൈസൻസിയുടെ മേൽവിലാസം | : | |
| (4) | PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| (5) | ലൈസൻസിന്റെ കാലാവധി | : | |
| (6) | സംരംഭത്തിന്റെ വിശദാംശങ്ങൾ<br>(i) സംരംഭത്തിന്റെ പേര്<br>(ii) വാർഡ് നമ്പർ<br>(iii) കെട്ടിട നമ്പർ<br>(iv) വില്ലേജിന്റെ പേര്<br>(v) സർവ്വേ നമ്പർ<br>(vi) പോസ്റ്റോഫീസ് | | |
| (7) | ലൈസൻസ് മൊബൈൽ സെയിൽസ്/സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്കാണെങ്കിൽ അതിന്റെ രജിസ്ട്രേഷൻ നമ്പരും പ്രവർത്തന മേഖലയുള്ള മുനിസിപ്പാലിറ്റികളും | : | |
| (8) | ലൈസൻസ് അനുവദിക്കുന്ന സേവനങ്ങൾ/വ്യാപാരങ്ങൾ/വാണിജ്യ പ്രവർത്തനങ്ങൾ/വ്യവസായങ്ങൾ തുടങ്ങിയവയുടെ വിവരങ്ങൾ (ഉദാ: സ്റ്റേഷണറി വ്യാപാരം, പെട്രോൾ പമ്പ്, ജുവല്ലറി, കയർ ഫാക്ടറി, ഇലക്ട്രിക്കൽ വർക്ക് ഷോപ്പ്, സ്റ്റോൺ ക്രഷർ എന്നിങ്ങനെ) | | (1)<br>(2)<br>(3) |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| (9) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ബ്ലൂ/ഓറഞ്ച്/ റെഡ് |
| (10) | യന്ത്ര സാമഗ്രികൾ ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ | | |
| (11) | മൂലധന നിക്ഷേപം | | ………… രൂപയിൽ |
| (12) | ലൈസൻസ് ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | തുക :<br>രസീത് നമ്പർ :<br>തീയതി : |
| (13) | ലൈസൻസിന്റെ കാലാവധി | | |

സ്ഥലം :

തീയതി :

സെക്രട്ടറിയുടെ ഒപ്പ് :

സെക്രട്ടറിയുടെ പേര് :

(ആഫീസ് മുദ്ര)

(മറുപുറം)

<u>ലൈസൻസ് സംബന്ധിച്ച പൊതുവ്യവസ്ഥകൾ</u>

1. കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളും ലൈസൻസ് വ്യവസ്ഥകളും മറ്റു പൊതു വ്യവസ്ഥകളും അതത് സമയങ്ങളിലെ ചട്ടങ്ങളും, നഗരസഭയുടെ ബൈലോയിലെ നിബന്ധനകളും ഉത്തരവുകളും ലൈസൻസി പാലിക്കേണ്ടതാണ്.
2. ലൈസൻസ് സർട്ടിഫിക്കറ്റ് എല്ലാവരും കാണത്തക്കവിധത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.
3. സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തേണ്ടതാണ്.
4. സ്ഥാപനവും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതും സ്ഥാപനത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കേണ്ടതും ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വന്തമായി സംവിധാനങ്ങൾ ഒരുക്കുകയോ നഗരസഭ സംവിധാനം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ നഗരസഭയ്ക്ക്/നഗരസഭ ചുമതലപ്പെടുത്തിയ ഏജൻസിക്ക് കൈമാറുകയോ ചെയ്യേണ്ടതും, അജൈവ മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്കോ, നഗരസഭ ഏർപ്പെടുത്തുന്ന മറ്റു ഏജൻസിക്കോ കൈമാറേണ്ടതുമാണ്.

5. മനുഷ്യോപയോഗത്തിനുള്ള ഭക്ഷണ പദാർത്ഥങ്ങൾ പാചകം ചെയ്യുകയോ വിൽപ്പനക്കായി സൂക്ഷിക്കുകയോ സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങൾ ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുകയോ മനുഷ്യാരോഗ്യത്തിനു ഹാനികരമായതും പഴകിയതും മനുഷ്യോപയോഗയോഗ്യമല്ലാത്തതുമായ ഭക്ഷണ പദാർത്ഥങ്ങൾ വില്പ്പനയ്ക്കായി സൂക്ഷിക്കുകയോ, മാലിന്യങ്ങൾ കലരുന്ന വിധത്തിൽ അനാരോഗ്യകരമായ സാഹചര്യത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ സൂക്ഷിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്ക് നിർബന്ധമായും ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

6. നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ സ്ഥാപനത്തിൽ സൂക്ഷിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

7. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൂറു വാര (91.44 മീറ്റർ) ചുറ്റളവിൽ പുകയില ഉൽപന്നങ്ങൾ വിൽക്കാൻ പാടില്ലാത്തതാണ്. പുകയില നിരോധന നിയമ (COTPA 2003) പ്രകാരമുള്ള എല്ലാ നിബന്ധനകളും ലൈസൻസി പാലിക്കേണ്ടതാണ്.

8. മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മറ്റു ഏജൻസികളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും അനുമതികളിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചു മാത്രമേ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ പാടുള്ളൂ.

9. ലൈസൻസ് അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നിരാക്ഷേപ പത്രങ്ങൾ, അനുമതികൾ എന്നിവ യഥാസമയം പുതുക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വം ആയിരിക്കുന്നതും അപ്രകാരം പ്രവർത്തിക്കാത്ത പക്ഷം ലൈസൻസിനു നിയമ സാധുത ഉണ്ടായിരിക്കുന്നതുമല്ല.

10. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന പ്രാദേശിക ഗവൺമെന്റ് ഏർപ്പെടുത്തുന്ന നിരോധനങ്ങളും നിയമങ്ങളും നിർദേശങ്ങളും ലൈസൻസി അനുസരിക്കേണ്ടതാണ്.

11. ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും പ്രകാരവും മറ്റു ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനോ ആയതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സെക്രട്ടറി ആവശ്യപ്പെടുന്ന പക്ഷം ആയതു ലൈസൻസി അനുസരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥാപനത്തിന്റെ പ്രവർത്തനം സെക്രട്ടറിക്ക് നിരോധിക്കാവുന്നതാണ്. കൂടാതെ പ്രോസിക്യൂഷൻ നടപടിക്ക് വിധേയൻ ആകുന്നതിനോ സെക്രട്ടറി ചുമത്തുന്ന പിഴ ഒടുക്കുന്നതിനോ ലൈസൻസി ബാധ്യസ്ഥൻ ആയിരിക്കുന്നതുമാണ്.

(ഒപ്പ്)

സെക്രട്ടറി

............................................ മുനിസിപ്പാലിറ്റി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം– 3

[9–ാം ചട്ടം കാണുക]

കാറ്റഗറി ഒന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള മുനിസിപ്പാലിറ്റിയുടെ ലൈസൻസിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| (1) | മുനിസിപ്പാലിറ്റിയുടെ പേര് | : | |
| (2) | സംരംഭകന്റെ പേര് മലയാളത്തിൽ<br>ഇംഗ്ലീഷിൽ | :<br>: | |
| (3) | സംരംഭകന്റെ മേൽവിലാസം | : | |
| (4) | മൊബൈൽ നമ്പർ<br>ഇ–മെയിൽ വിലാസം (ഉണ്ടെങ്കിൽ മാത്രം) | : | |
| (5) | ആധാർ നമ്പർ | : | |
| (6) | PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| (7) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വാർഡ് നമ്പർ | :<br>: | |
| (8) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നമ്പർ/സ്റ്റാൾ നമ്പർ/ബങ്ക് നമ്പർ | : | |
| (9) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വില്ലേജിന്റെ പേര് | : | |
| (10) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന പുരയിടത്തിന്റെ സർവ്വേ നമ്പർ | : | |
| (11) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പോസ്റ്റ് ഓഫീസ്, പിൻ കോഡ് | :<br>: | |
| (12) | ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭക പ്രവർത്തനങ്ങളുടെ വിവരങ്ങൾ | | |
| (13) | സംരംഭത്തിൽ ഉപയോഗിക്കുന്ന പ്രധാന അസംസ്കൃത വസ്തുക്കൾ | : | |
| (14) | ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ | : | |
| (15) | സംരംഭത്തിന്റെ മേഖല | : | ഉൽപാദനം/സംഭരണം/വിപണനം/സേവനം |
| (16) | ജീവനക്കാരുടെ/തൊഴിലാളികളുടെഎണ്ണം | : | |
| (17) | മൂലധന നിക്ഷേപം | : | -------------രൂപ |
| (18) | യന്ത്രങ്ങളുടെ വിവരം (ഓരോ | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | യന്ത്രങ്ങളുടെയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | | |
| (19) | ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പേര് (പേര് നൽകിയിട്ടുണ്ടെങ്കിൽ) | : | |
| (20) | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലാണോ? | : | അതെ/അല്ല |
| (21) | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലല്ലെങ്കിൽ ഉടമയുടെ പേരും വിലാസവും (ലീസ് എഗ്രിമെന്റ്/വാടക കരാർ എന്നിവയുടെ പകർപ്പ്/ മുദ്രപത്രത്തിൽ ഉള്ള ഉടമയുടെ സമ്മതപത്രം ഹാജരാക്കണം) | : | |
| (22) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ബ്ലൂ/ഓറഞ്ച്/റെഡ് |
| (23) | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | ഒടുക്കിയ തുക :<br>രസീത് നമ്പർ :<br>തീയതി : |

സ്ഥലം:

തീയതി: അപേക്ഷകന്റെ ഒപ്പ്:

(ആഫീസ് ആവശ്യത്തിന്)

അപേക്ഷ നമ്പരും തീയതിയും: ………../………..

അന്വേഷണ റിപ്പോർട്ട്:

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ

പേരും ഒപ്പും തീയതിയും

ലൈസൻസ് അനുവദിച്ച/നിരസിച്ച (നിരസിക്കുകയാണെങ്കിൽ കാരണം രേഖപ്പെടുത്തുക)

സെക്രട്ടറിയുടെ ഒപ്പും തീയതിയും പേരും

ലൈസൻസിന്റെ നമ്പരും തീയതിയും:

ലൈസൻസ് ഫീസ് അടച്ചതിന്റെ രസീത് നമ്പരും:

തീയതിയും തുകയും:

സെക്രട്ടറിയുടെ ഒപ്പ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 4

[9–ാം ചട്ടം കാണുക]

. . . . . . . . . . . . . . . . . . . . . മുനിസിപ്പാലിറ്റി

സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള മുനിസിപ്പാലിറ്റിയുടെ അനുമതി*

അനുമതി നമ്പർ :

| | | | |
|---|---|---|---|
| (1) | അനുമതി ലഭിച്ചിട്ടുള്ള സംരംഭകന്റെ പേര്<br>മലയാളത്തിൽ<br>ഇംഗ്ലീഷിൽ | : | |
| (2) | സംരംഭകന്റെ മേൽവിലാസം | : | |
| (3) | PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| (4) | സംരംഭത്തിന്റെ പേര് | : | |
| (5) | സംരംഭത്തിന്റെ വിശദാംശങ്ങൾ<br>i. വാർഡ് നമ്പർ<br>ii. കെട്ടിട നമ്പർ<br>iii. വില്ലേജിന്റെ പേര്<br>iv. സർവ്വേ നമ്പർ<br>v. സ്ഥലത്തിന്റെ വിസ്തൃതി<br>vi. പോസ്റ്റോഫീസ് | | |
| (6) | സംരംഭത്തിന്റെ വിവരണം<br>മൂലധന നിക്ഷേപം (രൂപയിൽ)<br>യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | | |
| (7) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ബ്ലൂ/ഓറഞ്ച്/റെഡ് |
| (8) | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | തുക :<br>രസീത് നമ്പർ : |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | | | തീയതി : |
| (9) | വ്യവസ്ഥകളോടെയാണ് അനുമതി നൽകുന്നതെങ്കിൽ അതിന്റെ വിശദാംശങ്ങൾ | : | |
| (10) | കൗൺസിൽ തീരുമാനം | : | നമ്പർ :<br>തീയതി : |

*ഈ അനുമതി പ്രകാരം സംരംഭം സ്ഥാപിച്ചതിന് ശേഷം അത് പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് സെക്രട്ടറിയിൽ നിന്നും നേടിയിരിക്കേണ്ടതാണ്:

സ്ഥലം :

തീയതി : സെക്രട്ടറിയുടെ ഒപ്പ് :

സെക്രട്ടറിയുടെ പേര് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 5

[10–ാം ചട്ടം കാണുക]

സംരംഭങ്ങൾ മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| (1) | മുനിസിപ്പാലിറ്റിയുടെ പേര് | : | |
| (2) | സംരംഭകന്റെ പേര് മലയാളത്തിൽ<br>ഇംഗ്ലീഷിൽ | :<br>: | |
| (3) | സംരംഭകന്റെ മേൽവിലാസം | : | |
| (4) | മൊബൈൽ നമ്പർ<br>ഇ–മെയിൽ വിലാസം (ഉണ്ടെങ്കിൽ മാത്രം) | :<br>: | |
| (5) | GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| (6) | പാൻ നമ്പർ (ഉണ്ടെങ്കിൽ മാത്രം) | : | |
| (7) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വാർഡ് നമ്പർ | : | |
| (8) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നമ്പർ/സ്റ്റാൾ നമ്പർ/ബങ്ക് നമ്പർ | : | |
| (9) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വില്ലേജിന്റെ പേര് | : | |
| (10) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന പുരയിടത്തിന്റെ സർവ്വേ നമ്പർ | : | |
| (11) | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പോസ്റ്റ് ഓഫീസ്, പിൻ കോഡ് | :<br>: | |
| (12) | സംരംഭത്തിൽ ഉപയോഗിക്കുന്ന പ്രധാന അസംസ്കൃത വസ്തുക്കൾ | : | |
| (13) | ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ | : | |
| (14) | സംരംഭത്തിന്റെ മേഖല | : | ഉൽപാദനം/സംഭരണം/വിപണനം/സേവനം |
| (15) | ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം | : | |
| (16) | മൂലധന നിക്ഷേപം | : | -----------------രൂപ |
| (17) | യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടെയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| (18) | ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പേര് (പേര് നൽകിയിട്ടുണ്ടെങ്കിൽ) | : | |
| (19) | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലാണോ? | : | അതെ/അല്ല |
| (20) | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലല്ലെങ്കിൽ ഉടമയുടെ പേരും വിലാസവും (ലീസ് എഗ്രിമെന്റ്/വാടക കരാർ എന്നിവയുടെ പകർപ്പ്/ മുദ്രപത്രത്തിൽ ഉള്ള ഉടമയുടെ സമ്മതപത്രം ഹാജരാക്കണം) | : | |
| (21) | വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ വികസന സ്ഥലങ്ങൾ, വ്യവസായ വികസന പ്രദേശങ്ങൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ, വ്യവസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ വ്യവസായ യൂണിറ്റിന്റെ പ്ലോട്ട് നമ്പരും പേരും | : | |
| (22) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ബ്ലൂ/ഓറഞ്ച്/റെഡ് |
| (23) | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | ഒടുക്കിയ തുക : <br> രസീത് നമ്പർ : <br> തീയതി : |

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ് :

(ആഫീസ് ആവശ്യത്തിന്)

അപേക്ഷ നമ്പർ: …………………..

തീയതി: ……………………..

രജിസ്ട്രേഷൻ നമ്പരും തീയതിയും:

രജിസ്ട്രേഷൻ ഫീസ് അടച്ചതിന്റെ നമ്പരും തീയതിയും തുകയും:

ഉദ്യോഗസ്ഥന്റെ ഒപ്പും തീയതിയും:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം- 6

[10-ാം ചട്ടം കാണുക]

...................................... മുനിസിപ്പാലിറ്റി

സംരംഭക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| (1) | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നമ്പർ | : | |
| (2) | സംരംഭത്തിന്റെപേര്<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| (3) | സംരംഭകന്റെ പേരും വിലാസവും | : | |
| (4) | സംരംഭത്തിന്റെ മേഖല | : | |
| (5) | സംരംഭത്തിന്റെ മൂലധന നിക്ഷേപം | : | |
| (6) | യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | : | |
| (7) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ബ്ലൂ/ഓറഞ്ച്/റെഡ് |
| (8) | രജിസ്ട്രേഷൻ ഫീസ് തുകയും<br>രസീത് നമ്പരും തീയതിയും | : | |
| (9) | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ<br>കാലാവധി | : | .............. മുതൽ .................. വരെ |

സ്ഥലം :

തീയതി : സെക്രട്ടറിയുടെ ഒപ്പ് :

(ആഫീസ് മുദ്ര)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി.വി.

*ഗവൺമെന്റ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1999–ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് തുടങ്ങിയവയിൽ നിലവിൽ വന്നിട്ടുള്ള ഭേദഗതികളും 2019–ലെ കേരള സൂക്ഷ്മ–ചെറുകിട–ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിലെ വ്യവസ്ഥകളും കണക്കിലെടുത്തുകൊണ്ട് 2011–ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൂടുതൽ സംരംഭക സൗഹൃദമാക്കി കാലാനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മുനിസിപ്പാലിറ്റികളിലെ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ, രജിസ്ട്രേഷനുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ടി 2011–ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് പുതിയ ചട്ടം പുറപ്പെടുവിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/